(ബി)&(സി) ഉദിക്കുന്നില്ല.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനും വേണ്ടിയുള്ള പ്രോജക്ട്

29 (*588) ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണത്തിനും വികസനത്തിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾക്ക് എന്തു തുകയാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഈ തുക ഏതു ഫണ്ടിൽനിന്നാണ് കണ്ടെത്തുന്നത്;

(സി) ന്യൂട്രലൈസേഷൻ പ്ലാന്റിനുവേണ്ടി എത്ര കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു; ഏതു ഫണ്ടിൽനിന്നാണ് തുക കണ്ടെത്തുന്നത്;

(ഡി) എന്നത്തേയ്ക്ക് ഈ പ്ലാന്റിന്റെ പണി ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) മാലിന്യരഹിതമായ ഒരു പുതിയ പ്രോജക്ടിന് അവസാന രൂപംകൊടുത്തുവരുന്നതേയുള്ളൂ.

(ബി) ആഭ്യന്തര വിഭവസമാഹരണവും കടമെടുപ്പുമാണ് ധനാഗമ മാർഗ്ഗങ്ങൾ.

(സി) പുതിയ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഇതിനു പ്രസക്തിയില്ല.

(ഡി) 7.3.2000-നകം ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ മാലിന്യരഹിതമായി ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യയുമായി ഒരു ജർമ്മൻ കമ്പനി മുന്നോട്ടുവന്നിരിക്കുന്ന സാഹചര്യത്തിൽ ന്യൂട്രലൈസേഷൻ പ്ലാന്റിന് പ്രസക്തിയില്ല.

കുടിയേറ്റ കർഷകർക്ക് പട്ടയം

30 (*589) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിയേറ്റ കർഷകർക്ക് പട്ടയം നൽകാനുള്ള സർക്കാരിന്റെ അപേക്ഷ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ;

(സി) പട്ടയം ലഭിക്കാത്തതിനാൽ കുടിയേറ്റ കൃഷിക്കാർക്ക് ബാങ്ക് വായ്പകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly